**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5346** **15-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2022-2023 സാമ്പത്തിക വർഷം എറണാകുളം ജില്ലയിൽ ആലുവ ബ്ലോക്കിലാണ് കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുള്ളത്. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിലെ ബ്ലോക്കിൽ നിലവിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടില്ല. |
| (സി) | കൃഷിശ്രീ സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | (സി) | ബ്ലോക്ക് അടിസ്ഥാനത്തിലാണ് കൃഷിശ്രീ സെന്ററുകൾ സ്ഥാപിച്ചു വരുന്നത്. ഓഫീസ് പ്രവർത്തിയ്ക്കുന്നതിന് 25 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും മെഷിനറി സൂക്ഷിക്കുന്നതിന് 200 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും നൽകാൻ തയ്യാറുള്ള ഏജൻസി / ബ്ലോക്ക്പഞ്ചായത്ത് / ഗ്രാമപഞ്ചായത്ത് എന്നിവർക്ക് കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നു. കൃഷി വകുപ്പ് ഡയറക്ടറുടെ അനുമതി ലഭിച്ചതിനു ശേഷം ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിക്കേണ്ട നിയോജക മണ്ഡലങ്ങളിലെ ബ്ലോക്കുകൾ പ്രോജക്ട് ഡയറക്ടർ ആത്മ തിരഞ്ഞെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ